ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

കാഴ്ചശക്തിയില്ലാത്തവർക്ക് വികലാംഗ സംവരണത്തിനു പുറമെ 3% സംവരണം.

27 (4368) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 14-7-1998-ലെ ജി.ഒ.(പി) 20/98 തീയതി ഉത്തരവിൻ പ്രകാരം വികലാംഗർക്ക് 3% സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പിലാക്കിയോ ;

(ബി) 2004-2006 വരെയുള്ള കാലയളവിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പിലാക്കിയപ്പോൾ 3% സംവരണം കാഴ്ച ഇല്ലാത്തവർക്ക് വേണ്ടി മാത്രമായിരുന്നോ ;

(സി) കാഴ്ച ശക്തിയില്ലത്താവർക്ക് മാത്രമായി വികലാംഗ സംവരണത്തിൽ പ്രത്യേക സംവരണമുണ്ടോ ; ഇവർക്ക് വികലാംഗ സംവരണത്തിനുപുറമേ 3% സംവരണമുണ്ടോ ; 2004 മുതൽ 2007 വരെയുള്ള ബാക്ക്ലോഗ് സംവരണം സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) 1995-ലെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ടിന്റെ അടിസ്ഥാനത്തിൽ വികലാംഗർക്ക് സർക്കാർ സർവ്വീസിൽ 3% സംവരണം ഏർപ്പെടുത്തുന്നത് 14-7-1998 ലെ സ.ഉ.(പി) 20/98/ഉ.ഭ.പ.വ ഉത്തരവ് പ്രകാരമാണ്. ജില്ലാ കളക്ടർമാർ ചെയർമാൻമാരായുള്ള സെലക്ഷൻ കമ്മിറ്റിയാണ് വികലാംഗരെ നിയമനത്തിനായി തെരഞ്ഞെടുത്തിരുന്നത്. സർക്കാർ ഉത്തരവ് പ്രകാരം വികലാംഗ നിയമനം പി.എസ്.സി. മുഖേന നടത്തുവാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ മുഖേനയുള്ള നിയമനം 30-9-2007-ന് അവസാനിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 1-1-2008 മുതൽ പി.എസ്.സി. മുഖേന 3% വികലാംഗ സംവരണ നിയമനം നടത്തുന്നുണ്ട്. 1-1-2004 മുതൽ 31-12-2007 വരെയുള്ള ബാക്ക്ലോഗ് നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടപ്പാക്കുന്നത്. 1-1-2008 മുതൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റുകളിൽനിന്ന് 3% സംവരണം 1:1:1 എന്ന അനുപാതത്തിൽ അന്ധർ അല്ലെങ്കിൽ കാഴ്ചക്കുറവുള്ളവർ, (blindness or low vision) ബധിരർ, (hearing impairment) അസ്ഥി സംബന്ധമായ വൈകല്യമുള്ളവർ (locomotor disability or cerebral palsy) എന്നീ വിഭാഗങ്ങൾക്കായി നൽകിവരുന്നു. 100 വേക്കൻസികളുള്ള ഒരു സെറ്റിൽനിന്ന് 33, 66, 99 എന്നീ ടേണുകളിൽ വികലാംഗർക്ക് നിയമനം നൽകിവരുന്നു.

(സി) കാഴ്ച ശക്തിയില്ലാത്തവർക്ക് മാത്രമായി വികലാംഗ സംവരണത്തിന് പുറമേ 3% സംവരണം നിലവിലില്ല. 2004 മുതൽ 2007 വരെയുള്ള വികലാംഗർക്ക് അർഹതപ്പെട്ട ബാക്ക്ലോഗ് നിയമനം സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly